# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

G.L.P.S. Kadakurissi

കണ്ണനൂർ ഹൈവേയിൽ നിന്ന് ഒന്നര കിലോമീറ്റർ ഉള്ളിലേക്ക് കണ്ണാടി പഞ്ചായത്തിന്റെ പരിധിയിൽ വൃത്തിയച്ചൻ തൊടി എന്ന സ്ഥലത്ത് വിശാലമായ പാടങ്ങളുടെ നടുവിലാണ് ഗവ: എൽ.പി. സ്കൂൾ കടകുറിശ്ശി സ്ഥിതി ചെയ്യുന്നത്. 1927-ൽ ഏകാധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിച്ച ഇത് ഇന്ന് പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സുവരെ അമ്പതോളം കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണിത്. കണ്ണാടി പഞ്ചായത്തിലെ ഏക ഗവൺമെന്റ് വിദ്യാലയവും ഇതുതന്നെ. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന വിദ്യാലയമായതിനാൽ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പിക്കുക എന്ന ദൗത്യം ഈ മാസ്റ്റർ പ്ലാനിലുണ്ട്.

പരിഷ്കരിച്ച പാഠ്യപദ്ധതിക്കനുസൃതമായി ഇന്നത്തെ സമൂഹത്തിലെ മാറ്റങ്ങൾ അറിഞ്ഞ്, മാറുന്ന ബോധന രീതിയ്ക്കനുസൃതമായി അതത് വെക്കേഷൻ ട്രെയിനിംഗിന് ലഭിക്കുന്ന പുതിയ അറിവുകൾ ക്ലാസ്സ് മുറികളിൽ പ്രാവർത്തികമാക്കുന്നതോടെ കുട്ടിയുടെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

ഈ അക്കാദമിക വർഷത്തെ ഒരു പുതു-
പരിഷ്കരിച്ച പാഠ്യപദ്ധതി കുട്ടിയുടെ മുന്നിലെത്തി എന്നതാ-
ണ്. ആദ്യമായി ഔപചാരിക വിദ്യാഭ്യാസത്തിലേക്ക് കടക്കുന്ന
ഒന്നാം ക്ലാസിലെ കുട്ടി സമ്മർദ്ദമില്ലാതെ വിദ്യാലയത്തിൽ-
എത്തുന്നതിനായി വിവിധ സന്നദ്ധതാ പ്രവർത്തനങ്ങൾ
ചിട്ടപ്പെടുത്തി ഒന്നൊരുക്കം (വിദ്യാപ്രവേശ്) എന്ന-
പേരിൽ കുട്ടിയുടെ പ്രകൃതമറിഞ്ഞുള്ള പ്രവർത്തനങ്ങൾ
നൽകുന്നു. ഇതിൽ കഥ, പാട്ട്, കളി, കൂടിയ പ്രവർത്ത
നം, കരകൗശല പ്രവർത്തനം, അഭിനയം വര് കൗതുക-
കരമായ പ്രവർത്തനങ്ങൾ ഒരുക്കി മുന്നേറുന്നു.

പഠനലക്ഷ്യങ്ങളും ശേഷികളും
കൈവരിക്കുന്നതിന് കുട്ടികളെ പിന്തുണയ്ക്കുന്നതിന്
രക്ഷിതാക്കളെ സജ്ജമാക്കുന്നതിന് ഒന്നൊരുക്കം-
വീടൊരുക്കം എന്ന പേരിൽ സന്നദ്ധതാ പ്രവർത്തന-
വും ഉൾപ്പെടുത്തിയാണ് കുട്ടിയുടെ ഭാഷാപരമായ കഴിവുകൾ
സാമൂഹിക, വൈജ്ഞാനിക, സർഗാത്മക, വികാസത്തിന്
രക്ഷിതാവും സമൂഹവും അനിവാര്യമാണ്. അവരുടെ-
പങ്കാളിത്തം ഏറെ ഗുണപ്രദവും സഹായകവുമാ
ണ്.

ഫലപ്രദമായി ഉറപ്പാക്കാൻ സാധിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ:-

### അക്കാദമികം:-

- സമഗ്ര ഗുണമേന്മാവിദ്യാഭ്യാസം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം
- പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ
- ഇംഗ്ലീഷ് പഠന പരിപോഷണം
- ഗണിത ശേഷി വികസനം
- ശാസ്ത്ര പോഷണ പരിപാടികൾ
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യ ഉദ്യാനം
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള പഠനം.
- മൂല്യനിർണയവും പരിഹാരപ്രവർത്തനങ്ങളും.

ഭൗതികം :-

- സ്കൂൾ കെട്ടിടത്തിലേക്കുള്ള അപൂർണമായ വഴി
- പ്രീ പ്രൈമറി ക്ലാസ് മുറി
- അസംബ്ലി ഹാൾ

സാമൂഹികം :-

- പി.ടി.എ. ശാക്തീകരണം
- വിദ്യാലയ വികസന സമിതി
- ദുരന്ത നിവാരണ സമിതി
- സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി
- ക്ലബ്ബ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുക.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളിൽ മൂല്യങ്ങൾ ഉറപ്പിക്കുന്നതിനായി- ജൂൺ മാസത്തിൽ സ്കൂൾ തുറന്ന് മൂന്നാം തിയ്യതി- മുതൽ 13-ാം തിയ്യതി വരെ വിവിധ വിഷയങ്ങൾ കുട്ടി- കളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി- യതുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ- ക്ലാസ്സ് പ്രവർത്തനങ്ങളിലൂടെയും ദിനാചരണ- ങ്ങളിലൂടെയും തുടരുന്നതിനും മൂല്യങ്ങൾ ഉറപ്പി- ക്കുന്നതിനും സഹായകമാകുന്നു.

* കുട്ടി തന്നെ തന്നെയും സ്കൂൾ തുടങ്ങിയ പൊതു- കാര്യങ്ങളെയും മനസ്സിലാക്കൽ.
* റോഡിലൂടെ സഞ്ചരിക്കുമ്പോൾ, സ്കൂൾ വാഹന- ത്തിൽ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ.
* വ്യക്തി ശുചിത്വം പരിസര ശുചിത്വം, സ്കൂൾ സൗന്ദര്യ വൽക്കരണം
* ആരോഗ്യം, വ്യായാമം, കായിക ക്ഷമത എന്നിവ കുട്ടിയെ എത്രമാത്രം പഠനത്തിൽ വിന്യസിക്കുന്നു.
* ഡിജിറ്റൽ ഉപകരണം, സമൂഹ മാധ്യമങ്ങളുടെ സ്വാധീനം, ഗുണങ്ങൾ ദോഷങ്ങൾ മനസ്സിലാക്കുക.

* പൊതുമുതൽ എന്ത് അതിന്റെ സംരക്ഷണം
* പരസ്പര സഹകരണവും സ്വാധീനവും കുട്ടി
യെ സമൂഹത്തിൽ വ്യക്തിത്വരൂപീകരണത്തിൽ
എങ്ങനെ സ്വാധീനിക്കുന്നു.

മേൽപറഞ്ഞ മൂല്യങ്ങൾ കുട്ടി-
കളിലെത്തിക്കുന്നതിനായി വിവിധ പ്രവർത്ത-
നങ്ങൾ നൽകി ഓരോ ദിവസവും നടത്തി.

ലക്ഷ്യങ്ങൾ :-

- ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസം ഉറപ്പാക്കുക.
- ഒന്നുമുതൽ നാലുവരെ ഓരോ ക്ലാസിലെ കുട്ടിയും ആർജിക്കേണ്ട കഴിവുകൾ നേടിയെന്ന് ഉറപ്പു - വരുത്തുക.
- പഠന വിഷയങ്ങളിൽ ആശയവ്യക്തത, കണക്ക്, സയൻസ്, IT വിഷയങ്ങളിൽ ധാരണ ഉറപ്പു വരു - ത്തുക.
- സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പി - ക്കുന്ന തരത്തിൽ ഒരു കുട്ടിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുക.
- അന്താരാഷ്ട്ര പഠന നിലവാരം എത്തിക്കാൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായം - ഉറപ്പുവരുത്തുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ - ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കൽ.
- സ്കൂളിലെ സൗകര്യങ്ങൾ പൊതുസമൂഹ - ത്തിന് ഉപയോഗിക്കുക.